# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *365

16-03-2017 ൽ മറുപടിയ്ക്ക്

### ജലഗ്രാമം പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കടുത്ത വേനലിൽ സംസ്ഥാനം വരളുമ്പോഴും ജലസംരക്ഷണത്തിനായുള്ള കേന്ദ്ര പദ്ധതികളോട് സർക്കാർ മുഖം തിരിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പഞ്ചായത്തുകൾക്കായി കേന്ദ്രം ആസൂത്രണം ചെയ്ത ജലഗ്രാമം പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ ജലക്രാന്തി അഭിയാനിൽ ഉൾപ്പെട്ട ജലഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി എല്ലാ ജലഗ്രാമങ്ങളിലും ബ്ലോക്ക് ലെവൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കേണ്ട വകുപ്പുകളുടെ ശുപാർശകൾ ബ്ലോക്ക് ലെവൽ കമ്മിറ്റിയിൽ അംഗീകരിച്ച് ജില്ലാതല കമ്മിറ്റിയ്ക്ക് നൽകും. ജില്ലാതല കമ്മിറ്റിയിൽ അംഗീകരിക്കുന്ന ശുപാർശകൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ അംഗീകരിച്ച ശേഷം കേന്ദ്ര വിഹിതം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമർപ്പിക്കും. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തെരഞ്ഞെടുത്ത 18 ജലഗ്രാമങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഇവിടങ്ങളിൽ പൊതുജന പങ്കാളിത്തത്തോടെ ജലസുരക്ഷയ്ക്കും സംരക്ഷണത്തിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി സുസ്ഥിരമായ ജലലഭ്യത ഉറപ്പു വരുത്തുക എന്നതാണ് ലക്ഷ്യം. |
| (സി) | കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ ജലക്രാന്തി അഭിയാന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; | (സി) | ജലക്രാന്തി അഭിയാന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ജലഗ്രാമങ്ങളിൽ ജലസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വില്ലേജ്/ഗ്രാമപഞ്ചായത്തുതല, ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജലസുരക്ഷാ പദ്ധതികൾ രൂപീകരിച്ചു കഴിഞ്ഞു. തിരുവനന്തപുരത്തെ കാരോട്, കണ്ണൂർ ജില്ലയിലെ നാറാത്ത് എന്നീ പഞ്ചായത്തുകൾക്ക് യഥാക്രമം 3.53 കോടി രൂപയും |

| | | | |
|---|---|---|---|
| | | | 18.01 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കോട്ടയം ജില്ലയ്ക്കായി 25.7 കോടി രൂപയുടെ പദ്ധതിയുൾപ്പെടെ മറ്റ് ജലഗ്രാമങ്ങൾക്കുള്ള പദ്ധതി വിഹിതത്തിനുള്ള പ്രൊപ്പോസൽ വിവിധ ഘട്ടങ്ങളിലായി പരിഗണനയിലാണെന്ന് സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ഡി) | കേന്ദ്ര ജലസംരക്ഷണ പദ്ധതികൾ സമയബന്ധിതമായി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾക്ക് രൂപം നൽകുമോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | കേന്ദ്ര പദ്ധതിയായ PMKSY നടപ്പിലാക്കുന്നതിന് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കൃഷി വകുപ്പാണ്. PMKSY ൽപ്പെട്ട വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത്, ജലസേചനം, മണ്ണ് സംരക്ഷണം, തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, ഭൂജലം ഇടങ്ങിയ വകുപ്പുകളാണ്. ജലസേചന വകുപ്പിന്റെ ജില്ലാതല നോഡൽ ഓഫീസർ ചെറുകിട ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. PPM CELL (Agriculture Department) ആണ് അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ജലക്രാന്തി അഭിയാന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കേന്ദ്ര ഗ്രൗണ്ട് വാട്ടർ ബോർഡ് ആണ് (CGWB) Regional Director, CGWB ആണ് പ്രസ്തുത പദ്ധതി കേരളത്തിൽ ഏകോപിപ്പിക്കുന്നത്. ഇത് സംബന്ധിച്ച് ജില്ലാതല എംപവേർഡ് കമ്മിറ്റി ചെയർമാൻ അതാത് ജില്ലാ കളക്ടർമാരാണ്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| Sl. No. | Village Panchayat | Block | District |
|---|---|---|---|
| 1 | Kainakari | Chambakulam | Alappuzha |
| 2 | Veliyanad | Veliyanad | |
| 3 | Njarakkal | Vypin | Ernakulam |
| 4 | Nayarambalam | Vypin | |
| 5 | Manakkad | Thodupuzha | Idukki |
| 6 | Upputhara | Kattappana | |
| 7 | Valapattanam | Kannur | Kannur |
| 8 | Narath | Kalyasseri | |
| 9 | Muliyar | Karadukka | Kasargod |
| 10 | Karadukka | Karadukka | |
| 11 | Chathanoor | Ithikara | Kollam |
| 12 | Nedumpana | Mukhathala | |
| 13 | Kumarakom | Ettumannur | Kottayam |
| 14 | T.V. Puram | Vaikom | |
| 15 | Koorachundu | Balussery | Kozhikode |
| 16 | Thiruvambady | Koduvally | |
| 17 | Mangalam | Tirur | Malappuram |
| 18 | Pandikkad | Wandoor | |
| 19 | Vadakarapathy | Chittoor | Palakkad |
| 20 | Eruthempathi | Chittoor | |
| 21 | Naranamoozhy | Ranni | Pathanamthitta |
| 22 | Aruvapulam | Konni | |
| 23 | Mangalapuram | Pothencode | Thiruvananthapuram |
| 24 | Karode | Parassala | |
| 25 | Manalur | Anthikad | Thrissur |
| 26 | Thiruvilwamala | Pazhayannur | |
| 27 | Mullankolli | Panamaram | Wayanad |
| 28 | Noolpuzha | SulthanBathery | |
| | **Total-28** | | |